# ചക്കമടലു കൊണ്ട് നിലവിളക്ക്..!

## ● 'സമഗ്ര' പ്രദർശനത്തിനു തിരക്ക്

Malayala Manorama(metro)-23-05-2018-P-03



'സമഗ്ര' പ്രദർശനത്തിൽ നിന്ന്.

തൃശൂർ ● മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി തേക്കിൻകാട് മൈതാനിയിൽ നടക്കുന്ന 'സമഗ്ര' പ്രദർശനത്തിൽ തിരക്കേറുന്നു. 148 സ്റ്റാളുകളാണ് പ്രദർശനത്തിലുള്ളത്. കൃഷിവകുപ്പിന്റെ ചക്ക മഹോത്സവമാണ് പ്രധാന ആകർഷണം. വരിക്കച്ചക്ക മുതൽ സിന്ദൂരച്ചക്ക വരെയുണ്ട്. ചക്ക ഹൽവ, ചക്ക അച്ചാർ തുടങ്ങി ചക്ക കൊണ്ടുള്ള ഐസ് ക്രീം വരെ ഇവിടെനിന്നു വാങ്ങാം. ചക്കമടലു കൊണ്ടു തീർത്ത നിലവിളക്കും ചക്കയിൽ കൊത്തിയ സുന്ദരീശിൽപവും പ്രദർശനത്തിനെത്തുന്നവരുടെ മുഴുവൻ ചർച്ചാവിഷയമാണ്. 31 സ്റ്റാളുകളാണ് ചക്കയ്ക്കു മാത്രമായി മാറ്റിവച്ചിരിക്കുന്നത്.

വൈദ്യുത ബൾബുകൾ പ്രവർത്തിപ്പിക്കാവുന്ന മുള കൊണ്ടുള്ള കരകൗശല വസ്തുക്കളും കൗതുകക്കാഴ്ചയാണ്. കേരള ലളിത കലാ അക്കാദമിയുടെ പുസ്തക സ്റ്റാളിൽ 50 ശതമാനം വരെ വിലക്കിഴിവ് ലഭ്യമാണ്. കൈത്തറി വസ്ത്രങ്ങൾക്കും ആവശ്യക്കാരേറെയുണ്ട്. കുടുംബശ്രീ 38 സ്റ്റാളുകളിലാണ് ഉൽപന്നങ്ങൾ വിൽപനയ്ക്കെത്തിച്ചിരിക്കുന്നത്. ആധാർ സഹായ കേന്ദ്രവുമുണ്ട് പ്രദർശനത്തിൽ. അഗ്നിശമനസേന, പൊലീസ്, കെഎസ്ഇബി എന്നീ വകുപ്പുകൾക്കും അവരുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്താൻ സ്റ്റാളുകളുണ്ട്. പ്രദർശനം 26ന് സമാപിക്കും.

### ചക്കത്തീറ്റ മൽസരം ഇന്ന്

● ചക്ക മഹോത്സവത്തോടനുബന്ധിച്ച് ഇന്ന് 10 മുതൽ ചക്കതീറ്റ മൽസരം, ചക്കപ്പായസ പാചകമൽസരം, ചക്ക കാർവിങ് മൽസരം എന്നിവ നടക്കും.

നാളെ 10ന് നടക്കുന്ന കർഷക സംഗമവും സെമിനാറും മന്ത്രി സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. മന്ത്രി സുനിൽ കുമാർ അധ്യക്ഷത വഹിക്കും. ചക്ക കൃഷിയിലെ സാധ്യതകളും വെല്ലുവിളികളും, ചക്ക സംസ്കരണ മേഖലയിലെ സംരംഭകത്വ സാധ്യതകൾ, ആരോഗ്യം ചക്കയിലൂടെ എന്നീ വിഷയങ്ങളിലാണ് സെമിനാറുകൾ.